<u>**പതിനാലാം കേരള നിയമസഭ**</u>
<u>**പതിനാറാം സമ്മേളനം**</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 55

**28.10.2019**-ൽ മറുപടിക്ക്

<u>**സ്പെഷ്യൽ റൂൾസ് ഭേദഗതി**</u>

| ചോദ്യം<br>ശ്രീ.കെ. രാജൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പി.എസ്.സി നിയമനങ്ങളിൽ വിവിധ തസ്തികകളിലെ വിദ്യാഭ്യാസ യോഗ്യതകളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയ്ക്ക് തത്തുല്യമായ യോഗ്യതകൾ പി.എസ്.സി.-യുമായും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായും കൂടിയാലോചിച്ച് നിശ്ചയിക്കുന്നതിന് ഭരണ വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും ഇലക്ട്രോണിക്സ് രംഗത്തും കാലാനുസൃതമായി ഉണ്ടായ മാറ്റങ്ങൾ സിവിൽ സർവ്വീസിന് ഉപകാരപ്രദമാകുന്ന തരത്തിൽ ക്ലർക്ക്, അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം കൂടി യോഗ്യതയായി ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിവിധ വകുപ്പുകളിൽ പുതുതലമുറ വിദ്യാഭ്യാസ യോഗ്യതകൾക്കനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനും |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും ഭരണ വകുപ്പുകളോട് ആവശ്യപ്പെടുകയും തസ്തികകളുടെ ചുമതല നിർവഹിക്കാൻ ഇത്തരം പുതുതലമുറ കോഴ്സുകൾ പര്യാപ്തമാണോ എന്ന് കണ്ടെത്തി ഇതിന് ഒരു പൊതു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ റൂൾസ് ഭേദഗതി വരാത്തത് കാരണം വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമാ പ്രൊജക്ഷൻ തുടങ്ങിയ കാലഹരണപ്പെട്ട പരീക്ഷാ രീതികൾ ഒഴിവാക്കി ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് ഉചിതമായ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**